**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ 1997-98 വർഷം നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പെർഫോർമൻസ് ഓഡിറ്റ് ടീം നടത്തിയ സ്പെഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ- അട്ടപ്പാടി ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.വി.എസ്.സന്തോഷ് കുമാർ, ശ്രീ.കെ.ഷൗക്കത്തലി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം.1268/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 21.4.2017

---

പരാമർശം : 1) സർക്കാർ ഉത്തരവ് (സാധാ) നം.138/2014/തസ്വഭവ തീയതി 17/01/2014.

2) ശ്രീ.വി.എസ്.സന്തോഷ് കുമാർ 24/02/2014 ൽ സമർപ്പിച്ച അപ്പീൽ

3) സർക്കാർ ഉത്തരവ് (സാധാ) നം.1076/2015/തസ്വഭവ, തീയതി 07/04/2015.

4) ശ്രീ.കെ.ഷൗക്കത്തലി സർക്കാരിൽ സമർപ്പിച്ച 24/05/2016 ലെ നിവേദനം.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ 1997-98 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കിയ വെങ്കക്കടവ് കുടിവെള്ള പദ്ധതിയിൽ പെർഫോർമൻസ് ഓഡിറ്റ് ടീമിന്റെ സ്പെഷ്യൽ ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അട്ടപ്പാടി ട്രൈബൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.വി.എസ്.സന്തോഷ് കുമാർ, ശ്രീ.കെ.ഷൗക്കത്തലി എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് പ്രസ്തുത ഉദ്യോഗസ്ഥർക്ക് 'സെൻഷർ' നൽകിക്കൊണ്ട് പരാമർശം (1)ലെ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്. സർക്കാർ തീരുമാനത്തിനെതിരെ ശ്രീ.സന്തോഷ് കുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ സർക്കാർ പരിശോധിക്കുകയും ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് പരാമർശം (3) പ്രകാരം തീർപ്പാക്കുകയും ചെയ്തു.

ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടമായ 2,10,732/- രൂപ വെങ്കക്കടവ് കുടിവെള്ള പദ്ധതിയുടെ കൺവീനർ ശ്രീ.അറുമുഖനിൽ നിന്നും ഈടാക്കുവാൻ

നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ശ്രീ.ഷൗക്കത്തലിയിൽ നിന്നും ഈടാക്കുവാനുള്ള സർക്കാർ തീരുമാനത്തിനെതിരെ പരാമർശം (3) പ്രകാരം ടിയാൻ സർക്കാരിൽ നിവേദനം സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ വെങ്കക്കടവ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായശ്രീ.കെ.ഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ് കുമാർ എന്നിവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിയതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ പരാമർശം (1), (3) ലെ സർക്കാർ ഉത്തരവുകൾ ഇതിനാൽ റദ്ദു ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ,ഐ.എ.എസ്**

സെക്രട്ടറി

1) ശ്രീ.വി.എസ്.സന്തോഷ് കുമാർ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ശ്രീ.കെ.ഷൗക്കത്തലി, മുൻബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി(ഗ്രാമവികസന കമ്മീഷണർ മുഖേന)
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7) ഉദ്യോഗസ്ഥഭരണപരിഷ്കാര(AdV-B) വകുപ്പ്(Vide U.O.No.AdV-B/135/2016dated 28.10.2016).
8) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ